# മീരയുടെ കഥകൾ

## രാഷ്ട്രീയവും സൗന്ദര്യവും

എഡിറ്റർ
ഡോ. തോമസ് സ്കറിയ



## അകം

**കഥയിൽ തെളിയുന്ന ലോകബോധത്തിന്റെ നാളങ്ങൾ**
ഡോ. തോമസ് സ്കറിയ
**ജ്വരകാമനകളുടെ നിറഭേദങ്ങൾ**
ഡോ. ദീപേഷ് കരിമ്പുങ്കര
**അച്ചാമ്മമാരുടെ എഴുത്തുവഴികളിൽ 'സമ്പവി'ക്കുന്നത്**
ഡോ. സ്വപ്ന ആന്റണി
**എഴുത്തും സ്വാതന്ത്ര്യബോധവും**
ഡോ. ജെനിമോൾ കെ.വി.
**സോളോ ഗോയ്യാ: ചരിത്രം മായ്ക്കാത്ത അക്ഷരങ്ങൾ**
ഡോ. സുനിൽ ജോസ്
**മല്ലപ്പ മുതൽ മല്ലപ്പ വരെ**
ഫാ. ഡോ. മാത്യൂസ് വാഴക്കുന്നത്ത്
**മച്ചകത്തെ തച്ചൻ: പ്രാദേശികരൂപകങ്ങളുടെ സമൃദ്ധി**
ഡോ. സിസ്റ്റർ മിനിമോൾ മാത്യു
**ആവേ മരിയ: കനലിൽ വെന്ത ഉടലനുഭവങ്ങൾ**
ഡോ. ജെൻസി കെ. എ.
**മാധ്യമധർമ്മൻ: സത്യാനന്തരകാലത്തിന്റെ വർത്തമാനപ്ര(തി)കരണങ്ങൾ**
ഡോ. വി. അനീഷ്കുമാർ
**എൻമകജെയും മരണാനന്തരവിവാഹങ്ങളും**
ഡോ. മായ എസ്. നായർ
**വാർത്ത ഗന്ധമായി പടരുന്ന രാവുകളിൽ**
ഡോ. പ്രിൻസ്മോൻ ജോസ്
**കമിങ് ഔട്ട്: ആണുടലിന്റെ ആഖ്യാനം**
ഡോ. പ്രദീപ്കുമാർ ഇ. വി.

## അച്ചാമ്മമാരുടെ എഴുത്തുവഴികളിൽ 'സമ്പവി'ക്കുന്നത്

ഡോ. സ്വപ്ന ആന്റണി

ആഖ്യാനവഴികളിൽ പുതിയ ഭാവുകത്വം സൃഷ്ടിച്ചുകൊണ്ട് നിരന്തരം മാറിക്കൊണ്ടിരിക്കുന്ന സാഹിത്യരൂപമാണ് ചെറുകഥ. ജീവിതത്തിന്റെ സമസ്തമേഖലകളിലേക്കും കടന്നുചെന്നുകൊണ്ട് കഥനസമ്പ്രദായങ്ങളും ഇന്ന് പുതുവഴി തേടുന്നുണ്ട്. സമൂഹത്തിന്റെയും വ്യക്തിയുടെയും ആന്തരലോകത്തെ ചിത്രീകരിച്ചും നഗരസംസ്കാരത്തെയും നവമാധ്യമ ലോകത്തെയും പശ്ചാത്തലമാക്കിയും ഗൃഹാതുരതയുടെ ഓർമ്മകളെ അടയാളപ്പെടുത്തിയും മൗലികമായ ചിന്തകളുടെയും കാഴ്ചകളുടെയും ലോകം തുറന്നുതരുന്നു നവകഥകൾ. ആൺ പെൺവിനിമയത്തിലെ തുറസ്സുകളും മാറിയ കാലത്തിന്റെ വിശാല ജീവിതവീക്ഷണവും ലിംഗരാഷ്ട്രീയവും സ്വത്വരാഷ്ട്രവുമൊക്കെ ചേർന്ന് കഥാസാഹിത്യം കൂടുതൽ ചലനാത്മകവും ജൈവികവും ആവുകയുണ്ടായി ഇക്കാലത്ത്.

വ്യവസ്ഥാപിത മൂല്യങ്ങളോട് കലഹിച്ചുകൊണ്ടാണ് മലയാളത്തിലെ എഴുത്തുകാരികൾ തങ്ങളുടെ സാഹിത്യജീവിതത്തിൽ സ്ത്രീപക്ഷചിന്തകൾ ആവിഷ്കരിച്ചിട്ടുള്ളത്. പുരുഷന്റെ കാഴ്ചയിലെ സ്ത്രീസങ്കല്പത്തെ തകർത്തെറിഞ്ഞുകൊണ്ടാണ് അവർ ഇത് സാധ്യമാക്കിയത്. സിതാരയുടെ 'അഗ്നി'പോലുള്ള കഥകളും കെ.ആർ. മീര, ഇന്ദു മേനോൻ, രേഖ എന്നിവരുടെ രചനകളും ചെറുകഥയുടെ പാരമ്പര്യങ്ങളെയും സ്ത്രീ സ്വത്വപ്രതിനിധാനങ്ങളെയും മറികടക്കുന്ന ആഖ്യാനങ്ങളാണ്.

ഇന്നു നിലനിൽക്കുന്ന സാമൂഹികവ്യവസ്ഥയിൽ ആദ്യം മുതൽ തന്നെ സ്വയം അംഗീകരിച്ച അധികാരഭാവം പുരുഷനുണ്ട്. അയാളുടെ നിർണയനശക്തിയാണ് ലിംഗപദവിയുടെ രാഷ്ട്രീയത്തെ